ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.11.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഗോത്ര വർഗ നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമായ ബിർസാ മുണ്ടയുടെ 150-ാാം ജന്മവാർഷിക ദിനമായ ഇന്ന് രാജ്യം "ജൻ-ജാതീയ ഗൗരവ്" ദിവസ് ആഘോഷിക്കുന്നു. ഗോത്ര വിഭാഗങ്ങളുടെ ദ്രുതഗതിയിലുള്ള പുരോഗതിയ്ക്കാണ് രാജ്യം മുൻഗണന നൽകുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   Nation celebrates 'Jan-Jatiya Gaurav' Diwas today, the 150th birth anniversary of tribal leader and freedom fighter Birsa Munda. President Draupadi Murmu has said that the country is prioritising the rapid development of tribal communities.

2. ജൻജാതിയ ഗൗരവ് ദിവസിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ബിഹാറിൽ ആറായിരത്തി 640 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. കേരളത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പങ്കെടുക്കും.

   Prime Minister Narendra Modi will launch development projects worth Rs 6,640 crore in Bihar today as part of Janjatiya Gaurav Diwas. Union Minister of State George Kurien will participate in the programs organized in Kerala.

3. **മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം. പാലക്കാട് ഉപതിരഞ്ഞെടുപ്പ് പ്രചാരണം സജീവമാക്കി മുന്നണികൾ.**

**Campaigning for the assembly elections is in full swing in Maharashtra and Jharkhand. Political parties have activated their campaign for the Palakkad by-election.**

4. **കാനഡയിൽ അറസ്റ്റിലായ ഖലിസ്ഥാൻ വാദി അർഷ് ദല്ലയെ ഇന്ത്യക്ക് വിട്ടുകിട്ടാനുള്ള ശ്രമങ്ങൾ തുടരുകയാണെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രാലയം.**

**External Affairs has said that efforts are ongoing to extradite Pro-Khalistan leader Arsh Dallah, who was arrested in Canada, to India.**

5. **മണ്ഡല-മകര വിളക്ക് മഹോത്സവത്തിനായി ശബരിമല നട ഇന്ന് തുറക്കും.**

**Sabarimala temple to open today for Mandala-Makara Vilakku Festival**

6. **ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്.**

**The final match of the India-South Africa Twenty20 cricket series to be held today.**

**==================================**

**PREZ- JANJATIYA - (INTRO)**

പ്രമുഖ ഗോത്ര വർഗ നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമായ ബിർസാ മുണ്ടയുടെ 150-ാാം ജന്മവാർഷിക ദിനമായ ഇന്ന് രാജ്യം "ജൻ-ജാതീയ ഗൗരവ്" ദിവസമായി ആഘോഷിക്കും. ഗോത്രവർഗ വിഭാഗം കൂടി വികസിക്കുമ്പോൾ മാത്രമേ രാജ്യ വികസനം യാഥാർഥ്യമാകൂയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. ജൻജാതിയ ഗൗരവ് ദിവസത്തിന് മുന്നോടിയായി ഇന്നലെ രാജ്യത്തെ ജനങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഗോത്ര വിഭാഗങ്ങളിലെ ജനങ്ങളുടെ ദ്രുതഗതിയിലുള്ള പുരോഗതിക്കാണ് രാജ്യം മുൻഗണന നൽകുന്നതെന്ന് രാഷ്ട്രപതി പറഞ്ഞു.

**(ഹോൾഡ്...........)**

നൂറ്റാണ്ടുകൾ പഴക്കമുള്ള സ്വത്വം, നിലനിർത്തിക്കൊണ്ട് ഗോത്രവർഗ്ഗ വിഭാഗങ്ങൾ ആധുനിക വികസനത്തിൻ്റെ പാതയിൽ തുടരണം. ഗോത്ര ജനതയുടെ ഉന്നമനത്തിനായി കേന്ദ്രസർക്കാർ വിപുലമായ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

===================================

## REV. PM-JANJATIYA

ജൻജാതിയ ഗൗരവ് ദിവസ് അനുസ്മരണത്തിൻറെയും ഗോത്രവർഗ നേതാവും സാമൂഹിക പരിഷ്കർത്താവുമായ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷിക ആഘോഷത്തിൻറേയും ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ബിഹാറിലെ ജമുയി സന്ദർശിക്കും. ഗ്രാമീണ, വിദൂര പ്രദേശങ്ങളിലെ ഗോത്രവർഗ്ഗ സമൂഹങ്ങളുടെ വികസനത്തിനായി ആറായിരത്തി 640 കോടി രൂപയുടെ വികസന പദ്ധതികളും ഉദ്ഘാടനവും ശ്രീ മോദി നിർവഹിക്കും. രാജ്യത്തുടനീളമുള്ള 100 ജില്ലകളിലെ ജനങ്ങളുമായി പ്രധാനമന്ത്രി സംവദിക്കും. ഇതോടനുബന്ധിച്ച് കേരളത്തിൽ ഇടുക്കിയിലും കാസർഗോഡും സംഘടിപ്പിക്കുന്ന പരിപാടികളിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയാകും. മധ്യപ്രദേശ്, ജമ്മു കശ്മീർ, സിക്കിം എന്നിവിടങ്ങളിലെ വിവിധ പദ്ധതികളും ശ്രീ മോദി ഉദ്ഘാടനം ചെയ്യും. ആകാശവാണിയിൽ രാവിലെ 11.30 മുതൽ പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും.

===================================

## PM-BODO

ആദ്യ ബോഡോലാൻഡ് മഹോത്സവം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. സമാധാനം നിലനിർത്തുന്നതിനും ഊർജസ്വലമായ ബോഡോ സമൂഹം കെട്ടിപ്പടുക്കുന്നതിനുമായാണ് രണ്ട് ദിവസത്തെപരിപാടി സംഘടിപ്പിക്കുന്നത്. ബോഡോലാൻഡിൽ മാത്രമല്ല, അസം, പശ്ചിമ

ബംഗാൾ, വടക്കുകിഴക്കൻ മേഖലയിലെ മറ്റ് അന്താരാഷ്ട്ര അതിർത്തി പ്രദേശങ്ങൾ എന്നിവിടങ്ങളിലുൾപ്പെടെയുള്ള തദ്ദേശീയ ബോഡോ ജനതയെ സമന്വയിപ്പിക്കുകയാണ് മഹോത്സവം ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് പ്രസ്താവനയിൽ പറഞ്ഞു. സമൃദ്ധമായ ഭാരതത്തിനായി സമാധാനവും ഐക്യവും എന്നതാണ് പരിപാടിയുടെ പ്രമേയം.

==================================

## MAHARASHTRA – ELECTION

മഹാരാഷ്ട്രയിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം പുരോഗമിക്കുന്നു. മഹാരാഷ്ട്രയിലെ 288 മണ്ഡലങ്ങളിൽ ഈ മാസം 20-നാണ് ഒറ്റ ഘട്ടമായി വോട്ടെടുപ്പ്. പ്രധാനമന്ത്രിയും, മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്നലെ ഛത്രപതി സംഭാജി നഗറിലും, പൻവേലിലും, മുംബൈയിലും പ്രചാരണ റാലികളെ അഭിസംബോധന ചെയ്തു. മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്നലെ നംദുർബാരിലെയും, നാന്ദേഡിലെയും തിരഞ്ഞെടുപ്പ് യോഗങ്ങളിലാണ് പങ്കെടുത്തത്.

==================================

## JHARKHAND ELECTION

ഈ മാസം 20-ന് രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഝാർഖണ്ഡിൽ പ്രചാരണം ഊർജ്ജിതമായി തുടരുന്നു. മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷാ ഇന്നലെ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. മുതിർന്ന ജെ.എം.എം നേതാവും ഝാർഖണ്ഡ് മുഖ്യമന്ത്രിയുമായ ഹേമന്ദ് സോറൻ ദേവ്ഘർ, ബൊക്കാറോ മണ്ഡലങ്ങളിലാണ് ഇന്നലെ പ്രചാരണം നടത്തിയത്.

==================================

## PALAKKAD- ELECTION

ഉപതെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കിനിൽകെ പാലക്കാട് നിയമസഭാ മണ്ഡലത്തിലെ പ്രചാരണം ആവേശകരമായ അവസാന ഘട്ടത്തിലേക്ക്. മുന്നണികളുടെ താര പ്രചാരകരുടെ നേതൃത്വത്തിലാണ് മണ്ഡലത്തിൽ പ്രചാരണം പുരോഗമിക്കുന്നത്.

====================================

## EXPORT DATA

2024 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള ഇന്ത്യയുടെ കയറ്റുമതി നിരക്കിൽ 7.28 ശതമാനം വർധനവ് രേഖപ്പെടുത്തി. ഈ കാലയളവിലെ ആകെ കയറ്റുമതിയിൽ 468.27 ബില്യൺ ഡോളറിൻറെ വളർച്ച കൈവരിച്ചതായി കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കി.

====================================

## CAQM DELHI AIR POLLUTION

ഡൽഹിയിലെ വായുഗുണനിലവാരം അപകടാവസ്ഥയിൽ തുടരുന്നതൊഴിവാക്കാനുള്ള പ്രതികരണ പ്രവർത്തന പദ്ധതിയുടെ മൂന്നാം ഘട്ടം ഇന്ന് ആരംഭിക്കും. രാജ്യതലസ്ഥാനത്തെ വായുഗുണനിലവാരം വളരെ മേശം വിഭാഗത്തിൽ തുടരുന്ന സാഹചര്യത്തിൽ ഇന്നലെ ഉപസമിതിയോഗം ചേർന്നിരുന്നു.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൻറെ നേതൃത്വത്തിലുള്ള മൂന്നാം ഘട്ട പ്രവർത്തനങ്ങൾ കൃത്യമായി നടപ്പാക്കാൻ വിവിധ ഏജൻസികൾക്ക് അധികൃതർ നിർദേശം നൽകി.

====================================

## PREZ VICE PREZ – GURU NANAK

ആദ്യ സിക്ക് ഗുരുവായ ഗുരുനാനാക്കിന്റെ ജയന്തിയോട് അനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി, ഉപരാഷ്ട്രപതി ജഗ്ദീപ് ധാൻകർ തുടങ്ങിയവർ ജനങ്ങൾക്ക് ആശംസകൾ നേർന്നു. സ്നേഹം, വിശ്വാസം, സത്യം, ത്യാഗം തുടങ്ങിയ ആദർശങ്ങളിലൂടെ ജനങ്ങളെ ധാർമ്മികതയിലേക്ക് നയിച്ച മഹത് വ്യക്തിയാണ് ഗുരു നാനാക്കെന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

ഗുരു നാനാക്കിൻറെ 555-ാം ജന്മവാർഷികത്തോട് അനുബന്ധിച്ച് രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിരവധി ആഘോഷപരിപാടികളും പ്രാർഥനാ ചടങ്ങുകളും നടക്കും.

==================================

## CANADA-INDIA

കാനഡയിൽ അടുത്തിടെ അറസ്റ്റിലായ അർഷ് സിംഗ് ഗിൽ എന്ന അർഷ് ദല്ലയെ ഇന്ത്യക്ക് വിട്ടുകിട്ടാനുള്ള ശ്രമങ്ങൾ തുടരുകയാണെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഖാലിസ്ഥാൻ ടൈഗർ ഫോഴ്സിന്റെ തലവനായ അർഷ് ദല്ലയുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഇയാളെ നാടുകടത്തുകയോ ഇന്ത്യയിലെ നിയമ നടപടികൾക്ക് വിട്ടുനൽകുകയോ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ മാധ്യമങ്ങളോട് പറഞ്ഞു.

==================================

**KALPATHY PALAKKAD – (INTRO)**

രഥോത്സവത്തിൻറെ ആഘോഷത്തേരിലേറിയ പാലക്കാട് കൽപാത്തിയിൽ ഇന്ന് ദേവരഥ സംഗമം. രഥോത്സവം പ്രമാണിച്ച് ഇന്ന് പാലക്കാട് താലൂക്കിലെ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. തിരക്ക് കുറയ്ക്കുന്നതിനായി പ്രദേശത്ത് ഗതാഗത നിയന്ത്രണവും ഉണ്ടായിരിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....**
**(VOICE.....)**

==================================

**ELEPHANT – HIGH COURT**

സംസ്ഥാനത്ത് തുടർച്ചയായി മൂന്ന് മണിക്കൂറിൽ കൂടുതൽ ആനകളെ എഴുന്നള്ളിക്കരുതെന്ന് ഹൈക്കോടതി. നിരത്തുകളിൽ രാവിലെ 9-നും വൈകിട്ട് 5-നും ഇടയിൽ ആനകളെ ഉപയോഗിച്ചുള്ള പരിപാടികൾ പാടില്ലെന്നും രാത്രി പത്തിനും നാലിനും ഇടയിൽ ആനകളെ കൊണ്ടുപോകരുതെന്നും ഹൈക്കോടതി പുറത്തിറക്കിയ മാർഗരേഖയിൽ പറയുന്നു.

==================================

**SABARIMALA**

ശബരിമല മണ്ഡല- മകരവിളക്ക് മഹോത്സവത്തിന് ഇന്ന് തുടക്കമാകും. ശബരിമല, മാളികപ്പുറം എന്നിവിടങ്ങളിൽ മേൽശാന്തിമാരും ഇന്ന് ചുമതലയേൽക്കും. വൃശ്ചിക മാസം ഒന്നിന് പുലർച്ചെ മൂന്നു മണിക്കാണ് നട തുറക്കുക.

വെള്ളിയാഴ്ച ഉച്ചയ്ക്ക് ഒരു മണി മുതൽ പമ്പയിൽ നിന്ന് സന്നിധാനത്തേയ്ക്ക് ഭക്തജനങ്ങൾക്ക് പ്രവേശനം അനുവദിക്കും. അയ്യപ്പഭക്തരെ വരവേൽക്കാൻ തിരുവിതാംകൂർ ദേവസ്വം

ബോർഡും സംസ്ഥാന സർക്കാരും ചേർന്ന് എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കി.

==================================

**VETTUCAUD- HOLIDAY**

വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ തിരുനാൾ പ്രമാണിച്ച് തിരുവനന്തപുരം, നെയ്യാറ്റിൻകര താലൂക്കുകളിൽ ഇന്ന് ഉച്ചയ്ക്ക് ശേഷം പ്രാദേശിക അവധി പ്രഖ്യാപിച്ച് ജില്ലാ കളക്ടർ. എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്.

==================================

**CRICKET**

ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഇന്ത്യയുടെ നാലാമത്തെയും അവസാനത്തെയും ട്വൻറി -20 മത്സരം ഇന്ന് നടക്കും. ദക്ഷിണാഫ്രിക്കയിലെ വാൻഡറേഴ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8.30-നാണ് മത്സരം. മൂന്നാം മത്സരത്തിൽ ഇന്ത്യ, 11 റൺസിന് വിജയിച്ചിരുന്നു. നാല് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്.

==================================

**REV. ATP TENNIS FINALS**

എ.ടി.പി ടെന്നീസ് പുരുഷ ഡബിൾസ് ഫൈനലിൽ രോഹൻ ബൊപ്പണ്ണ- മാത്യൂ എബ്ഡൻ സഖ്യം ഇന്നിറങ്ങും. ജർമ്മനിയുടെ കെവിൻ ക്രാവിറ്റ്സ്, ടിം പ്യൂറ്റ്സ് സഖ്യമാണ് എതിരാളികൾ. ഇന്ത്യൻ സമയം വൈകുന്നേരം നാല് മണിക്കാണ് മത്സരം.

==================================

**INDIA-AID-NIGERIA**

നൈജീരിയയിൽ നിരവധി ആളുകളുടെ മരണത്തിനിടയാക്കിയ വെള്ളപ്പൊക്കത്തെ തുടർന്ന് ദുരിതമനുഭവിക്കുന്നവർക്കായി ഇന്ത്യ 15 ടൺ മാനുഷിക സഹായം അയച്ചു. ആവശ്യവസ്തുക്കൾ ഉൾപ്പെടെ 60 ടൺ സാധനങ്ങൾ ഇനിയും നൈജീരിയക്ക് നൽകുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. കനത്ത നാശം വിതച്ച വെള്ളപ്പൊക്കത്തിൽ മുന്നൂറിലധികം പേർ മരിക്കുകയും 740,000-ത്തിലധികം ആളുകളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

==========

=========================

===================================